**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1245** **04-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് ബ്രിഡ്ജസ് വിഭാഗത്തിന് കീഴിൽ വരുന്ന പാലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വട്ടിയൂർക്കാവ് മണ്ഡലത്തിൽ പൊതുമരാമത്ത് ബ്രിഡ്ജസ് വിഭാഗത്തിന് കീഴിൽ എത്ര പാലങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | വട്ടിയൂർക്കാവ് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിന് കീഴിൽ കമ്പിപ്പാലം, മണികണ്ഠേശ്വരം പാലം, മരപ്പാലം, മരുതൻകുഴിപാലം, മുറിഞ്ഞപാലം, ഉദിയന്നൂർ പാലം, കുണ്ടമൺകടവ് പാലം, കുലശേഖരം പാലം എന്നീ എട്ട് പാലങ്ങളാണ് ഉള്ളത്. |
| (ബി) | പൊതുമരാമത്ത് ബ്രിഡ്ജസ് വിഭാഗത്തിന് കീഴിൽ വട്ടിയൂർക്കാവ് മണ്ഡലത്തിൽ നിലവിൽ അംഗീകരിച്ചിട്ടുള്ള പ്രവൃത്തികൾ, നടന്നു വരുന്ന പ്രവൃത്തികൾ എന്നിവ ഏതൊക്കെയെന്നും നിലവിലെ സ്ഥിതിയും വിശദമാക്കാമോ; | (ബി) | പൊതുമരാമത്ത് വകുപ്പ് പാലങ്ങളുടെ കീഴിൽ ഇപ്പോൾ നടന്നു വരുന്ന പ്രവൃത്തി കുലശേഖരം പാലം നിർമ്മാണമാണ്. പ്രസ്തുത പാലത്തിന്റെ<br><br>ഡെക്ക് സ്ലാബിന്റെ നിർമ്മാണം പൂർത്തീകരിച്ചു. ബോക്സ് കൾവെർട്ടിന്റെയും അപ്രോച്ച് റോഡിന്റെയും പ്രവൃത്തികൾ നടന്നുവരുന്നു. |
| (സി) | വട്ടിയൂർക്കാവ് മണ്ഡലത്തിൽ 2021 ഏപ്രിൽ മാസത്തിന് ശേഷം പൊതുമരാമത്ത് ബ്രിഡ്ജസ് വിഭാഗത്തിന് കീഴിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ, ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ ഉൾപ്പെടെ ലഭ്യമാക്കാമോ? | (സി) | വട്ടിയൂർക്കാവ് മണ്ഡലത്തിൽ 2021 ഏപ്രിൽ മാസത്തിനു ശേഷം പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിന് കീഴിൽ ഒരു പ്രവൃത്തിയും പൂർത്തീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ